തടവുകാരുടെ ശരാശരി ജയിൽവാസം

* 306. [365] ശ്രീ. പി. കുമാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ :
,, എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ തടവുകാർ ശരാശരി എത്ര കാലം ജയിലിൽ കിടന്നവരാണ് ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

ചോദ്യം വ്യക്തമല്ലാത്തതിനാൽ വിവരം കൃത്യമായി നൽകുവാൻ നിർവാഹമില്ല.

ഗ്യാലറി ദുരന്ത കേസ്

* 307. [366] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-10-1984-ൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉണ്ടായ ഗ്യാലറി ദുരന്തത്തിന്റെ പേരിൽ ബന്ധപ്പെട്ടവരുടെ മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കേസ് ഇതുവരെയും ചാർജ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ഉണ്ട്.

(ബി) എൻക്വയറി കമ്മീഷൻ ആക്ട് പ്രകാരം ഗവൺമെന്റ് നിയമിച്ച കമ്മീഷന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടാണ് കേസ് ചാർജ് ചെയ്യാത്തത്.

ക്ഷേത്രസാധനങ്ങളിലെ മായംചേർക്കൽ

* 308. [367] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്രസാധനങ്ങളിലെ മായം ചേർക്കൽ വളരെ വ്യാപകമായി തുടരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇനി നിലവിലുള്ള 'പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ നിയമം മായംചേർക്കൽ ഫലപ്രദമായി തടയുന്നതിന് സഹായകരമാണോ ;

(സി) മായംചേർക്കൽ കണ്ടുപിടിക്കാനും ശിക്ഷിക്കാനും എല്ലാ പട്ടണങ്ങളിലും മൊബൈൽ കോടതികളും ഏർപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) സഹായകരമാണ്.

(സി) ഈ നിയമം നടപ്പിലാക്കുന്നതിന് മൊബൈൽ കോടതികളും ഫലപ്രദമാവുകയില്ല. ആയതിനാൽ മൊബൈൽ കോടതികളും ഏർപ്പെടുത്തേണ്ടതില്ല. എന്നാൽ ഇതിനു വേണ്ടി മൊബൈൽ വിജിലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly